ഉത്തരം

(എ) ഡി.എഫ്.ഐ.ഡി.-യുടെ (ബ്രിട്ടീഷ് ഗവൺമെന്റ്) ധനസഹായത്തോടെ കൊച്ചി കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ മട്ടാഞ്ചേരി പള്ളുരുത്തി, കൊച്ചിയിലെ നോർത്തും, സൗത്തും തുരുത്തുകൾക്കുംവേണ്ടി 29 എം.എൽ.ഡി. വെള്ളം നൽകുന്നതിനായി ഒരു പദ്ധതി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കി വരുന്നു.

(ബി) അങ്ങനെ ഒരവസ്ഥ ഉണ്ടായിട്ടില്ല.

(സി) ഒരു പദ്ധതി കൊച്ചിയിൽ നടപ്പിലാക്കി വരുന്നു.

(ഡി) കൊച്ചിയിൽ നടപ്പിലാക്കുന്ന പദ്ധതി 2004 മാർച്ചുമാസത്തോടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ആലുവായിലെ സബ്സ്റ്റേഷന്റെയും അനുബന്ധ പണികളുടെയും, മോഡിബോത്ത് റും ഗ്രൗണ്ടിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഉന്നതതല സംഭരണിയുടെയും ഓഫറുകൾ ഗവൺമെന്റിന്റെ പരിഗണനയിലാണ്. മറ്റുള്ള പണികൾ ത്വരിതഗതിയിൽ നടന്നുവരുന്നു.

ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിക്ക് കേന്ദ്രസർക്കാർ അനുവദിച്ച തുക

76 (2354) ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ ഗ്രാമീണ ശുദ്ധജല പദ്ധതിക്ക് സംസ്ഥാനത്തിന് എത്ര കോടി രൂപ അനുവദിച്ചിരുന്നുവെന്നും അതിൽ എത്ര രൂപ വിനിയോഗിച്ചുവെന്നും വ്യക്തമാക്കാമോ ; പാഴായിപ്പോയത് എത്ര കോടി രൂപയെന്ന് വെളിപ്പെടുത്താമോ ;

(ബി) 2002-03 വർഷത്തിൽ പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപയാണ് സംസ്ഥാനത്തിന് അനുവദിച്ചത് ; ഇതിൽ എത്ര കോടി രൂപ ചെലവഴിച്ചു ;

(സി) മുൻവർഷത്തിലനുവദിച്ച പണം ചെലവഴിക്കാതിരുന്നത് പിന്നീട് പണം അനുവദിക്കുന്നതിൽ കുറവ് വരുത്തിയിട്ടുണ്ടോ ;

(ഡി) അനുവദിച്ച തുക പാഴായിപ്പോയത് എന്തുകൊണ്ടാണെന്നും ഇനിയും തുക നഷ്ടപ്പെടാതിരിക്കാൻ എന്തുനടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2001-02 സാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിക്കായി സംസ്ഥാനത്തിന് 63.31 കോടി രൂപ അനുവദിച്ചു. എങ്കിലും 1-4-2001-ലെ നീക്കിയിരിപ്പ് തുക അനുവദനീയമായ തുകയേക്കാൾ കൂടുതലായതിനാൽ 50.45 കോടി രൂപ മാത്രമേ അനുവദിച്ചു കിട്ടിയുള്ളൂ. അതിൽ 42.04 കോടി രൂപ 2001-02-ൽ ചെലവഴിച്ചു. അതായത് 2001-02-ൽ 12.86 കോടി രൂപ നഷ്ടപ്പെട്ടു. ഓരോ വർഷവും അനുവദിക്കുന്ന തുകയുടെ 15% മാത്രമേ അടുത്ത വർഷാദ്യം നീക്കിയിരിപ്പായി വയ്ക്കുവാൻ പാടുള്ളൂ. ഇപ്രകാരം

LIBRARY ARCHIVES Kerala Legislative Assembly

63.31 കോടി രൂപയുടെ 15% ആയ 9.50 കോടി രൂപ മാത്രമേ 1-4-2001-ൽ നീക്കിയിരിപ്പായി അനുവദിക്കുകയുള്ളൂ. എന്നാൽ 1-4-2001-ൽ നീക്കിയിരിപ്പ് തുക 22.36 കോടി രൂപ ആയിരുന്നു. തൻമൂലം അധിക നീക്കിയിരിപ്പ് തുകയായ 12.86 കോടി രൂപ സംസ്ഥാനത്തിന് നഷ്ടപ്പെട്ടു. ഇപ്രകാരം 1999-2000-ൽ 8.61 കോടി രൂപയും 2000-01-ൽ 6.01 കോടി രൂപയും നഷ്ടപ്പെട്ടു.

(ബി) 2002-03-ൽ ത്വരിത ഗ്രാമീണ ശുദ്ധജലപദ്ധതികൾക്കായി കേന്ദ്രസർക്കാർ 37.98 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും 1-4-2002-ലെ നീക്കിയിരിപ്പ് തുക അനുവദനീയമായ തുകയെക്കാൾ കൂടുതലാണെന്ന കാരണത്താൽ ഒന്നാം ഗഡുവായ 18.99 കോടി രൂപ മാത്രമേ കേന്ദ്രസർക്കാർ നൽകിയുള്ളൂ. എന്നാലും 2002-03-ൽ മേൽപ്പറഞ്ഞ പദ്ധതികൾക്കായി 43.31 കോടി രൂപ ചെലവായി.

(സി) അനുവദനീയമായ തുകയെക്കാൾ കൂടുതൽ നീക്കിയിരിപ്പ് ഉണ്ടായിരുന്നതിനാൽ 1999-2000-ൽ 8.61 കോടി രൂപയും 2000-01-ൽ 6.01 കോടി രൂപയും 2001-02-ൽ 12.86 കോടി രൂപയും കുറവു വരുത്തിയിട്ടുണ്ട്.

(ഡി) 1998-99 വർഷം മുതൽ പി.വി.സി. പൈപ്പുകളും 1999-2000 മുതൽ സി.ഐ. പൈപ്പുകളും വാങ്ങുവാൻ സാധിക്കാതെ പോയതും ത്വരിത ഗ്രാമീണ പദ്ധതികൾക്കാവശ്യമായ സ്ഥലം പഞ്ചായത്തുകൾ കൃത്യസമയത്ത് ജല അതോറിറ്റിക്ക് കൈമാറാത്തതും പല ടെൻഡറുകളുടെയും തീരുമാനം എടുക്കുവാൻ വന്ന കാലതാമസവുമാണ് മേൽപ്പറഞ്ഞ പദ്ധതികളുടെ ചെലവ് കുറയുവാനും തൻമൂലം അനുവദിച്ച തുക നഷ്ടപ്പെടുവാനും കാരണമായത്.

ഓരോ ത്വരിത ഗ്രാമീണ ശുദ്ധജല പദ്ധതിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമുള്ള സ്ഥലങ്ങളിൽ സപ്ലൈ ആന്റ് ലേയിംഗ് വ്യവസ്ഥയിൽ ജോലി തീർക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് മുൻഗണന കൊടുത്ത് തീർക്കുവാനുള്ള നിർദ്ദേശങ്ങൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഇപ്രകാരമുള്ള നടപടികളുടെ ഫലമായി 2002-03-ൽ 43.31 കോടി രൂപ ചെലവാക്കാൻ സാധിക്കുകയും 1-4-2003-ലെ നീക്കിയിരിപ്പ് തുക 5.69 കോടി രൂപയായി കുറയുകയും ചെയ്തു. 2002-03-ലെ മെച്ചപ്പെട്ട പ്രവർത്തനം കണക്കാക്കി 2003-04-ൽ ഈ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ 60 കോടി രൂപ അനുവദിച്ചിട്ടുള്ളതായി അറിയുന്നു. പ്രവർത്തനക്ഷമത വർദ്ധിപ്പിച്ച് ഈ തുക നഷ്ടപ്പെടാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ശുദ്ധീകരിച്ച മഴവെള്ളം വിതരണം

77 (2355) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ രൂക്ഷമായ കുടിവെള്ള ദൗർലഭ്യം കണക്കിലെടുത്ത് മഴവെള്ളം ശേഖരിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly